# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 689 02/12/2014-ൽ മറുപടിക്ക്

### ആദിവാസികളുടെ അവകാശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വനാവകാശ നിയമമനുസരിച്ചുള്ള അവകാശങ്ങൾ ആദിവാസികൾക്ക് ലഭ്യമാക്കുന്നതിൽ പട്ടികവർഗ്ഗ വകുപ്പ് തികഞ്ഞ അനാസ്ഥ കാണിക്കുന്നതായ വർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വനാവകാശ നിയമങ്ങൾ അനുസരിച്ച് തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ സംബന്ധിച്ച് അവബോധം പോലും ആദിവാസികൾക്ക് ഇല്ലാത്ത അവസ്ഥയാണിന്ന് എന്ന കാര്യം അറിയാമോ; | (ബി) | വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് FRC രൂപീകരിക്കുകയും ഈ FRC മുഖേന ഊരുകൂട്ടങ്ങൾ കൂടുകയും അതനുസരിച്ച് കോളനികളിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയും അപേക്ഷ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ കമ്മിറ്റി അംഗങ്ങൾ, എസ്.റ്റി. പ്രൊമോട്ടർമാർ, ഊര് മൂപ്പൻമാർ എന്നിവർക്ക് വിവിധ ജില്ലകളിൽവച്ച് വനാവകാശ നിയമത്തെപ്പറ്റി ക്ലാസ് നൽകിയിട്ടുണ്ട്. |
| (സി) | തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശത്തെക്കുറിച്ച് ബോദ്ധ്യമില്ലാത്ത ആദിവാസി സമൂഹം കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിൽ അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ആദിവാസികൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ആ വിഭാഗത്തിന്റെ അജ്ഞത മുതലെടുത്ത് പലരും തട്ടിയെടുക്കുന്നതായ സ്ഥിതി വിശേഷം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കർശന നടപടി വകുപ്പ് സ്വീകരിക്കുകയും ആയതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ